**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1956** **16-03-2022 - ൽ മറുപടിയ്ക്ക്**

**വർക്ക് നിയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | വീട്ടിലിരുന്ന് ജോലി ചെയ്യുന്ന ഐ.ടി. അടക്കമുള്ള മേഖലയിലെ തൊഴിലാളികൾക്കായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും ആധുനിക തൊഴിൽ കേന്ദ്രം ഉറപ്പാക്കുന്നതിനായി വർക്ക് നിയർ ഹോം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (എ) | വർക്ക് ഫ്രം ഹോം പോലെ വർക്ക് നിയർ ഹോം എന്ന ആശയവും സ്വീകാര്യമാകുന്ന പശ്ചാത്തലത്തിൽ ഗ്രാമങ്ങളും ചെറുപട്ടണങ്ങളും കേന്ദ്രീകരിച്ച് ലോകമെമ്പാടുമുള്ള കമ്പനികൾക്കുവേണ്ടി ഓൺലൈനായി തൊഴിലെടുക്കുക എന്ന സാധ്യത പ്രയോജനപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഐ.ടി. അധിഷ്ഠിത സൗകര്യങ്ങളുള്ള തൊഴിൽ കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടങ്ങുന്നതോടെ അഭ്യസ്തവിദ്യരായ വീട്ടമ്മമാർക്കുൾപ്പെടെ തൊഴിലുകളുടെ ഭാഗമാകാൻ കഴിയും. ഇതിനായി അടുത്ത സാമ്പത്തിക വർഷം 50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ